പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1916 08.06.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. ട്രാവൽ പാസുകൾ

ചോദ്യം

ശ്രീ. പി.കെ.ബഷീർ

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ ഒരു വർഷക്കാലമായി കെ.എസ്.ആർ.ടി.സി. നടപ്പിലാക്കി വരുന്ന സീസൺ ടിക്കറ്റ് കാർഡുകൾ (Monthly Travel Pass) പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി ബസ്സുകളിൽ യാത്ര ചെയ്യുന്നതിന് ഏർപ്പെടുത്തിയ ട്രാവൽ കാർഡുകളുടെ വിതരണം താൽക്കാലികമായി നിർത്തിയിട്ടുണ്ട്. കാർഡിന്റെ മൂല്യത്തെക്കാൾ കൂടുതൽ തുകയ്ക്ക് പലരും യാത്ര ചെയ്യുന്നതിനാലും ബസ് ടിക്കറ്റ് നിരക്ക് വർദ്ധിപ്പിച്ചതിനാലും പ്രസ്തുത കാർഡുകൾ കോർപ്പറേഷന് അധിക സാമ്പത്തിക ബാദ്ധ്യതയാകുമെന്നതിനാലാണ് താൽക്കാലികമായി കാർഡുകൾ പിൻവലിച്ചത്. |
| (ബി) | ടിക്കറ്റ് നിരക്ക് വർദ്ധനയ്ക്ക് ആനുപാതികമായ വർദ്ധനവോടുകൂടി കാർഡ് സംവിധാനം പുനഃസ്ഥാപിക്കുമോ; | (ബി) | ട്രാവൽ കാർഡുകൾക്ക് പകരമായി Closed loop RFID Smart Card-കൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിലൂടെ കെ.എസ്.ആർ.ടി.സി. യ്ക്ക് നാളിതുവരെ എത്ര രൂപ മുൻകൂറായി ലഭിച്ചു; വിശദമാക്കുമോ; ട്രാവൽ പാസുകളുടെ അപ്രഖ്യാപിത നിയന്ത്രണം സ്വകാര്യ ബസ് ലോബിയെ സഹായിക്കാൻ വേണ്ടിയാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | 2017 ജനുവരി മുതൽ 2018 ഫെബ്രുവരി വരെ ട്രാവൽ കാർഡുകൾ വിതരണം ചെയ്ത ഇനത്തിൽ 9,46,90,500 രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്.<br>അപ്രകാരമുള്ള വിവരങ്ങൾ ശ്രദ്ധയിൽപെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | നിരവധി സ്ഥിരം യാത്രക്കാർക്ക് ഉപകാരപ്രദമായിരുന്ന പ്രസ്തുത പദ്ധതി പെട്ടെന്ന് നിർത്തലാക്കിയത് മൂലം അവർക്കുണ്ടായ പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ഡി) | യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന തരത്തിൽ പ്രസ്തുത കാർഡുകൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | 2018 ജനുവരി ഒന്ന് മുതൽ മാർച്ച് 13 വരെ എത്ര ട്രാവൽ പാസുകൾ വിതരണം ചെയ്തിട്ടുണ്ട്; ആയതിൽ എത്ര രൂപ കെ.എസ്.ആർ.ടി.സി.യ്ക്ക് വരുമാനമായി ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (ഇ) | 2018 ഫെബ്രുവരി 28-ന ശേഷം ട്രാവൽ പാസ് വിതരണം ചെയ്തിട്ടില്ല. 2018 ജനുവരി 1 മുതൽ ഫെബ്രുവരി 28 വരെ ആകെ 11,821 ട്രാവൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. ടി ഇനത്തിൽ 1,71,41,000/- രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ